**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 1024

12.07.2016 ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിൽ വ്യാപാര കരാറുകളുടെ പ്രത്യാഘാതങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ.വി.എസ്.സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
| എ) ഡബ്ല്യു. ടി. ഒ ,ആസിയാൻ അംഗരാഷ്ട്രങ്ങളുമായുണ്ടാക്കിയ സ്വതന്ത്ര വ്യാപാര കരാറുകൾ കേരളത്തിലെ കാർഷിക മേഖലയെയും റബ്ബർ ഉൾപ്പെടെയുള്ള തോട്ടവിളകളെയും എതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിശകലനം നടത്തിയിട്ടുണ്ടോ; | എ) ആസിയാൻ അംഗരാഷ്ട്രങ്ങളുമായുണ്ടാക്കിയിട്ടുള്ള ഇൻഡ്യാ- ആസിയാൻ സ്വതന്ത്ര വ്യാപാര കരാർ കേരളത്തിലെ കാർഷിക മേഖലയെ എങ്ങനെ ബാധിക്കും എന്നതിനെ കുറിച്ച് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസുമായി (സി.ഡി.എസ്) സഹകരിച്ച് കൃഷി വകുപ്പിന്റെ കീഴിലുള്ള ഡബ്ല്യു. ടി. ഒ സെൽ ഒരു പഠനം നടത്തിയിട്ടുണ്ട്. |
| ബി) വ്യാപാരക്കരാറുകൾ മൂലം തകർച്ച നേരിടുന്ന ജീവനോപാധി വിളകളായ റബ്ബർ, നാളികേരം , കുരുമുളക് , കാപ്പി ,ജാതി, ഏലം, നെല്ല് എന്നിവയെ, മറ്റു രാജ്യങ്ങളിൽ ചെയ്ത പോലെ , " ഹൈലി സെൻസിറ്റീവ്" ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | ബി) ലോകവ്യാപാര കരാറുകളിൽ ഏർപ്പെടുന്ന സമയത്ത് അതാത് രാജ്യങ്ങളാണ് തങ്ങളുടെ ഉൽപ്പന്നങ്ങൾ ഏത് വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് നിശ്ചയിക്കുന്നത്. ഒരിക്കൽ കരാറിൽ ഏർപ്പെട്ടാൽ പിന്നീട് പുന : ചർച്ചയിലൂടെ മാത്രമേ പ്രസ്തുത ഉത്പന്നങ്ങളെ മറ്റൊരു വിഭാഗത്തിലേക്ക് മാറ്റുവാൻ സാധിക്കുകയുള്ളൂ. ലോകവ്യാപാര കരാറിൽ സംരക്ഷണം ആവശ്യമായ ഉത്പ്പന്നങ്ങളെ സെൻസിറ്റീവ് ലിസ്റ്റിലും , ഇൻഡ്യാ- ആസിയാൻ കരാറിൽ സംരക്ഷണമാവശ്യമായ ഉത്പന്നങ്ങളെ എക്സ്ക്ലൂസീവ് ലിസ്റ്റിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ സാഹചര്യം കണക്കിലെടുത്ത് പ്രാധാന്യമുള്ള കാർഷിക ഉല്പന്നങ്ങളെ സംരക്ഷണ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) പ്രസ്തുത കരാറുകൾ കർഷക സമൂഹത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ മറികടക്കുന്നതിനായി അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ; | സി) ഡി) പ്രസ്തുത കരാറുകൾ കർഷക സമൂഹത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ മറികടക്കുന്നതിനും സംസ്ഥാനത്ത് കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ വിവിധ കാർഷിക വികസന പദ്ധതികൾ, വിള |

ഡി) സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഇൻഷ്വറൻസ് പദ്ധതി, വില സ്ഥിരതക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ പ്രധാന കാർഷിക വിളകളായ നെല്ലിനും നാളികേരത്തിനും ന്യായവില ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ സംഭരണ നടപടികൾ നടപ്പിലാക്കുന്നുണ്ട്. സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന സാഹചര്യത്തിൽ റബ്ബർ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ ഈ കരാറുമൂലം കേരളത്തിന്റെ കാർഷിക രംഗത്തുണ്ടായിട്ടുള്ള ഗുരുതരമായ വിഷയങ്ങൾ ചൂണ്ടിക്കാട്ടികൊണ്ട് പുതിയ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രത്തിന് കത്തയച്ചിട്ടുണ്ട്. കേന്ദ്ര കൃഷി മന്ത്രിയുമായും, പ്രധാനമന്ത്രിയുമായും ചർച്ച നടത്തുവാൻ കേന്ദ്ര സർക്കാരിനെ സമീപിക്കുന്നതുമാണ്.

അണ്ടർ സെക്രട്ടറി